ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഭവനരഹിതരും സ്വന്തം പേരിൽ ഭൂമിയുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനും ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട്/ഫ്ളാറ്റ് നിർമ്മിച്ചുനൽകുന്നതും വഴി മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനുകളുംവഴി അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽനിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് (എൻ.എഫ്.ഡബ്ല്യു.എഫ്) ഉപയോഗിച്ചുള്ള ഭവനപദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃ കമ്മിറ്റിയും മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി ജില്ലാതല ബനിഫിഷ്യറി/മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവനരഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിപ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ 800 വീടുകൾ വീതം വീടൊന്നിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 800 വീടുകൾക്കായി 12 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി തുടരുന്നു.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ മത്സ്യഗ്രാമം ഭവനനിർമ്മാണ പദ്ധതി

110 (7673) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമം ഭവനനിർമ്മാണ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര രൂപയാണ് അനുവദിച്ചതെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകളാണ് അനുവദിച്ചതെന്നും അതിൽ എത്ര വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായി എത്ര അടിസ്ഥാന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് പദ്ധതി തുക തിരിച്ച് വിശദീകരിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാതൃകാ മത്സ്യഗ്രാമം ഭവനനിർമ്മാണ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഒന്നാംഘട്ടമായി 275 ലക്ഷം രൂപയും രണ്ടാംഘട്ടമായി 24 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായി യൂണിറ്റിന് 2.5 ലക്ഷം രൂപ തോതിൽ 284 വീടുകൾ നിർമ്മിക്കുന്നതിനായി അനുമതി നൽകിയിരുന്നു. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട അജാനൂർ മത്സ്യഗ്രാമത്തിൽ നിന്നും ആകെ 145 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ അർഹരാണെന്ന് കണ്ടെത്തിയ 110 പേർക്ക് ധനസഹായം അനുവദിച്ചുവരുന്നു. ഇതിൽ 105 പേരുടെ വീട് നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

പദ്ധതിയുടെ രണ്ടാംഘട്ടമായി യൂണിറ്റിന് 2 ലക്ഷം രൂപ തോതിൽ ജില്ലയിൽ 60 വീടുകൾ അനുവദിച്ചതിൽ 12 വീടുകൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പ്പെടുന്നതാണെന്നും ടി വീടുകളുടെയും പ്രവൃത്തി നടന്നുവരുന്നതായും അറിയിക്കുന്നു.

(സി) മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടമായി ജില്ലയ്ക്ക് ആകെ 60 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 12 വീടുകൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽപ്പെടുന്നവയാണ്. കൂടാതെ അജാനൂർ മത്സ്യഗ്രാമത്തിൽ യൂണിറ്റിന് 20,000 രൂപ തോതിൽ 93 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഭവന റിപ്പയർ പദ്ധതി പ്രകാരം യൂണിറ്റിന് പരമാവധി 50,000 രൂപ തോതിൽ 60 യൂണിറ്റുകൾ ജില്ലയ്ക്ക് അനുവദിച്ചതിൽ 5 യൂണിറ്റികൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽപ്പെടുന്നതാണ്. കൂടാതെ യൂണിറ്റിന് 17,500 രൂപ തോതിൽ 160 കക്കൂസുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചതിൽ 9 യൂണിറ്റുകൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലാണ് അനുവദിച്ചത്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മത്സ്യഗ്രാമത്തിൽ 1.39 കോടി രൂപയുടെ ജി.ആർ.എഫ്.ടി.എച്ച്.എസ്.എസ്., കാഞ്ഞങ്ങാട് നവീകരണം നടപ്പിലാക്കിവരുന്നു.

മാറാട് മത്സ്യഗ്രാമം പദ്ധതി

111 (7674) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാറാട് മത്സ്യഗ്രാമം പദ്ധതി പ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ച വികസന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും നിർദ്ദേശിച്ച തുക എത്രയാണെന്നും വിശദീകരിക്കാമോ ?